## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2154** **06-07-2022 - ൽ മറുപടിയ്ക്ക്**

## ഡ്യൂട്ടിക്കിടെ മരണപ്പെട്ട കുന്നോത്ത് പറമ്പ് പി.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടറുടെ അവധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ കുന്നോത്ത് പറമ്പ് പി.എച്ച്.സി. യിൽ ഹെൽത്ത് ഇൻസ്പെക്ടറായി ജോലിയിലിരിക്കെ ഡ്യൂട്ടിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ട അശോകൻ.സി.പി.യുടെ ലീവ് അനുവദിക്കുന്ന വിഷയത്തിൽ (ഫയൽ സി2/196/2018 ആ.ക.വ.) നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) | കണ്ണൂർ കുന്നോത്ത് പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയിരുന്ന ശ്രീ.അശോകൻ സി.പി. 29.11.2016 ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകടത്തിൽപ്പെടുകയും അർദ്ധ അബോധാവസ്ഥയിലാവുകയും, 14.04.2018-ന് മരണപ്പെടുകയും ചെയ്തിരുന്നു. ടി വ്യക്തിയുടെ പ്രത്യേക അവശതാവധി അപേക്ഷ പരിഗണിച്ച് 30.11.2016 മുതൽ 119 ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധിയും തുടർന്ന് 29.3.2017 മുതൽ 31.3.2017 വരെ 3 ദിവസത്തെ അർദ്ധവേതനാവധിയും അനുവദിച്ചിരുന്നു. തുടർന്ന് 1.4.2017 മുതൽ 14.4.2018 വരെയുള്ള (ടിയാൻ മരണപ്പെടുന്നതു വരെ) സേവന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും, കൂടാതെ ടി കാലയളവിലേയ്ക്കുള്ള അവധി അപേക്ഷ ടിയാൻ സമർപ്പിച്ചിരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി അപേക്ഷ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയതിനെ തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 10.11.2017 വരെയുള്ള അവധി ടിയാന് അനുവദിച്ച് നൽകിയതായി കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ റിപ്പോർട്ട് ചെയ്തതായും 11.11.2017 മുതൽ 14.04.2018 വരെയുള്ള അവധി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും, ചെയ്തതായും എന്നാൽ, ടി കാലയളവിലെ ലീവ് അപേക്ഷകളിൽ ടിയാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കിയിരുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയും 15.07.2017 മുതൽ 10.11.2017 വരെ കുന്നോത്ത് പറമ്പ് മെഡിക്കൽ ഓഫീസർ അനുവദിച്ച 119 |

| | | | |
|---|---|---|---|
| | | | ദിവസത്തെ ശമ്പള രഹിത അവധി റദ്ദ് ചെയ്ത ശേഷം ടി കാലയളവിൽ സമർപ്പിച്ചിരുന്ന അവധി അപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 11.11.2017 മുതൽ 14.04.2018 വരെയുള്ള അപേക്ഷകൻ ഒപ്പ് രേഖപ്പെടുത്താത്ത അവധി അപേക്ഷ ഉൾപ്പെടുത്തി 22.11.2021-ലെ EG4/21702/2017/ആ.വ.ഡ നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് പരേതനായ അശോകൻ.സി.പി-യ്ക്ക് 15.07.2017 മുതൽ ടിയാൻ മരണപ്പെട്ട തീയതിയായ 14.04.2018 വരെ, ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം -1 ചട്ടം 88 (iii) പ്രകാരം സ.ഉ (സാധാ) നം.1567/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | അപകടത്തിന് ശേഷമുള്ള അവധി അനുവദിച്ച് ഉത്തരവാകാൻ വേണ്ടി എന്നാണ് അപേക്ഷ നൽകിയിരുന്നതെന്ന വിവരം അറിയിക്കാമോ ; അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിൽ വൈകുന്നതിന്റെ കാരണവും ആയതിന്റെ നിലവിലെ തടസ്സങ്ങളും വിശദമാക്കാമോ ? | (ബി) | കണ്ണൂർ കുന്നോത്ത് പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയിരുന്ന ശ്രീ.അശോകൻ സി.പി. 29.11.2016 ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകടത്തിൽപ്പെടുകയും അർദ്ധ അബോധാവസ്ഥയിലാവുകയും, 14.04.2018-ന് മരണപ്പെടുകയും ചെയ്തിരുന്നു. ടി വ്യക്തിയുടെ പ്രത്യേക അവശതാവധി അപേക്ഷ പരിഗണിച്ച് 30.11.2016 മുതൽ 119 ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധിയും തുടർന്ന് 29.3.2017 മുതൽ 31.3.2017 വരെ 3 ദിവസത്തെ അർദ്ധവേതനാവധിയും അനുവദിച്ചിരുന്നു. തുടർന്ന് 1.4.2017 മുതൽ 14.4.2018 വരെയുള്ള (ടിയാൻ മരണപ്പെടുന്നതു വരെ) സേവന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും, കൂടാതെ ടി കാലയളവിലേയ്ക്കുള്ള അവധി അപേക്ഷ ടിയാൻ സമർപ്പിച്ചിരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി അപേക്ഷ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയതിനെ തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 10.11.2017 വരെയുള്ള അവധി ടിയാന് അനുവദിച്ച് നൽകിയതായി കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ റിപ്പോർട്ട് ചെയ്തതായും 11.11.2017 മുതൽ 14.04.2018 വരെയുള്ള അവധി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും, ചെയ്തതായും എന്നാൽ, ടി കാലയളവിലെ ലീവ് |

| | | | |
|---|---|---|---|
| | | | അപേക്ഷകളിൽ ടിയാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കിയിരുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയും 15.07.2017 മുതൽ 10.11.2017 വരെ കുന്നോത്ത് പറമ്പ് മെഡിക്കൽ ഓഫീസർ അനുവദിച്ച 119 ദിവസത്തെ ശമ്പള രഹിത അവധി റദ്ദ് ചെയ്ത ശേഷം ടി കാലയളവിൽ സമർപ്പിച്ചിരുന്ന അവധി അപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 11.11.2017 മുതൽ 14.04.2018 വരെയുള്ള അപേക്ഷകൻ ഒപ്പ് രേഖപ്പെടുത്താത്ത അവധി അപേക്ഷ ഉൾപ്പെടുത്തി 22.11.2021-ലെ EG4/21702/2017/ആ.വ.ഡ നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് പരേതനായ അശോകൻ.സി.പി-യ്ക്ക് 15.07.2017 മുതൽ ടിയാൻ മരണപ്പെട്ട തീയതിയായ 14.04.2018 വരെ, ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം -1 ചട്ടം 88 (iii) പ്രകാരം സ.ഉ (സാധാ) നം.1567/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ